87 (996) ജലവൈദ്യുത പദ്ധതികൾ

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് എത്ര രൂപ ചെലവു വരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഒരു യൂണിറ്റിന് കൺസ്യൂമറിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിന് എത്ര ഉറുപ്പിക ലഭിക്കുന്നുണ്ട്. കച്ചവടക്കാരിൽ നിന്നും എത്ര ഉറുപ്പികയാണ് വൈദ്യുതി ബോർഡ് ഈടാക്കുന്നത്;

(സി) ബ്രഹ്മപുരം പദ്ധതിയിൽ നിന്നും ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. ഒരു യൂണിറ്റിന് എത്ര ചെലവ് വരും;

(ഡി) കായംകുളം താപനിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഏകദേശം ചെലവാകുന്ന തുക എത്ര;

(ഇ) ബ്രഹ്മപുരം, കായംകുളം നിലയങ്ങളിലെ ഉയർന്ന നിരക്കിൽ ചെലവു വരുന്ന വൈദ്യുതി പരിപൂർണ്ണമായി ഉൽപ്പാദിപ്പിക്കുകയും, ജലവൈദ്യുതി പദ്ധതിയുടെ പരമാവധി ഉൽപാദനം നടത്താതിരിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ബോർഡ് രേഖാമൂലമോ വാക്കാലോ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ ഓരോന്നിലും എത്ര ജനറേറ്റർ വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്?

ഉത്തരം

(എ) ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുമ്പോൾ യൂണിറ്റൊന്നിന് ഉൽപ്പാദനച്ചെലവ് ജനറേഷൻ പോയിന്റിൽ 17.18 പൈസ ആകുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജല-താപവൈദ്യുതി നിലയങ്ങളിലേയും കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയുടേയും വില കണക്കിലെടുത്ത് നിശ്ചയിക്കുന്ന വിലയ്ക്കാണ് ഉപഭോക്താക്കൾക്ക് വൈദ്യുതി വില്ക്കുന്നത്. അതുകൊണ്ട് ജല വൈദ്യുത പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിക്ക് മാത്രമായി വില്പന വില കണക്കാക്കിയിട്ടില്ല. കച്ചവടക്കാരിൽ നിന്നും ഈടാക്കുന്ന വൈദ്യുതിയുടെ നിരക്ക് 24-5-99-ലെ ബി.ഒ.1066/99 (പ്ലാനിംഗ് ആന്റ് കോമേഴ്സ്യൽ 3540/98) ആയി ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ബ്രഹ്മപുരം പദ്ധതിയിൽ നിന്ന് ഇതുവരെ (15-12-99 വരെ) 598.240230 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. ഒരു യൂണിറ്റിന്റെ ഉൽപാദന ചെലവ് 5-3-99 മുതൽ 295 പൈസ ആയിരുന്നത് ഇന്ധനമായ എൽ.എസ്.എച്ചിന്റെ വില വർദ്ധനവുമൂലം 1-12-99 മുതൽ 411 പൈസ ആയിട്ടുണ്ട്.

1053/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലയം പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ ഇപ്പോഴത്തെ നാഫ്തയുടെ വിലയനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിക്ക് എൻ.ടി.പി.സി. ആവശ്യപ്പെടുന്ന വില 419 പൈസയാണ്.

(ഇ) സംസ്ഥാനത്തിലെ പ്രതിദിന വൈദ്യുതി ഉപഭോഗത്തിന്റെ സ്വഭാവം, റിസർവോയറുകളിലെ ആകെയുള്ള ജലലഭ്യത, ജലലഭ്യതയനുസരിച്ചുള്ള വാർഷികാടിസ്ഥാനത്തിലുള്ള പ്ലാനിംഗ്, ജനറേറ്ററുകളുടെ വാർഷിക മെയിന്റനൻസ് ഇവയെല്ലാം കണക്കിലെടുത്താണ് ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം ക്രമീകരിക്കുന്നത്. ജലവൈദ്യുതി പദ്ധതി വേണ്ട രീതിയിൽ ഉപയോഗിക്കാതെ താപ വൈദ്യുതി പൂർണ്ണമായി ഉൽപ്പാദിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും രേഖാമൂലമോ വാക്കാലോ ബോർഡ് നൽകിയിട്ടില്ല.

(എഫ്) സ്ഥാപിക്കപ്പെട്ടിട്ടുള്ള ജനറേറ്ററുകളുടെ വിവരം താഴെ കൊടുക്കുന്നു.

കുറ്റ്യാടി	3 എണ്ണം X 25 മെ.വാ.
പെരിങ്ങൽകുത്ത്	3 എണ്ണം X 8 മെ.വാ.
പെരിങ്ങൽകുത്ത് എക്സ്റ്റൻഷൻ	1 എണ്ണം X 16 മെ.വാ.
ഇടമലയാർ	2 എണ്ണം X 37.5 മെ.വാ.
പള്ളിവാസൽ	(3 എണ്ണം X 5 മെ.വാ.)
	(3 എണ്ണം X 7.5 മെ.വാ.)
ചെങ്കുളം	4 എണ്ണം X 12 മെ.വാ.
പന്നിയാർ	2 എണ്ണം X 15 മെ.വാ.
നേര്യമംഗലം	3 എണ്ണം X 15 മെ.വാ.
ഇടുക്കി	6 എണ്ണം X 130 മെ.വാ.
ശബരിഗിരി	6 എണ്ണം X 50 മെ.വാ.
കല്ലട	2 എണ്ണം X 7.5 മെ.വാ.
പേപ്പാറ	1 എണ്ണം X 3 മെ.വാ.
ലോവർ പെരിയാർ	3 എണ്ണം X 60 മെ.വാ.
കക്കാട്	2 എണ്ണം X 25 മെ.വാ.
മാട്ടുപ്പെട്ടി	1 എണ്ണം X 2 മെ.വാ.
മലമ്പുഴ	1 എണ്ണം X 2.5 മെ.വാ.

താഴെപ്പറയുന്ന ജനറേറ്ററുകൾ പ്രവർത്തനക്ഷമമാണ്

കുറ്റ്യാടി	- 3 X 25 മെ.വാ.
പെരിങ്ങൽകുത്ത്	- 2 X 8 മെ.വാ.
'' എക്സ്റ്റൻഷൻ	- 1 X 16 മെ.വാ.
ഇടമലയാർ	- 2 X 37.5മെ.വാ.
പള്ളിവാസൽ	- 2 X 5 മെ.വാ. + 2 X 7.5 മെ.വാ.

LIBRARY ARCHIVES Kerala Legislative Assembly

ചെങ്കുളം	- 3 X 12 മെ.വാ.
പന്നിയാർ	- 2 X 15 മെ.വാ.
നേര്യമംഗലം	- 3 X 15 മെ.വാ.
ഇടുക്കി	- 6 X 130 മെ.വാ.
ശബരിഗിരി	- 6 X 50 മെ.വാ.
കല്ലട	- 2 X 7.5 മെ.വാ.
പേപ്പാറ	- 1 X 3 മെ.വാ.
ലോവർ പെരിയാർ	- 3 X 60 മെ.വാ.
കക്കാട്	- 2 X 25 മെ.വാ.

(ജി) താഴെപ്പറയുന്ന ജനറേറ്ററുകൾ അറ്റകുറ്റപ്പണികൾക്കായി നിറുത്തി വെച്ചിരിക്കുകയാണ്.

1) പള്ളിവാസൽ	- 5 മെ.വാ. X 1 എണ്ണം
2) പള്ളിവാസൽ	- 7.5 മെ.വാ. X 1 എണ്ണം
3) പെരിങ്ങൽകുത്ത്	- 8 മെ.വാ. X 1 എണ്ണം
4) ചെങ്കുളം	- 12 മെ.വാ. X 1 എണ്ണം
5) മാട്ടുപ്പെട്ടി	- 2 മെ.വാ. X 1 എണ്ണം
6) മലമ്പുഴ	- 2.5 മെ.വാ. X 1 എണ്ണം

ഇതു കൂടാതെ ഇടുക്കി പദ്ധതിയിലെ 130 മെഗാവാട്ടിന്റെ ഒരു ജനറേറ്ററും, ശബരിഗിരിയിലെ 50 മെഗാവാട്ടിന്റെ 1 ജനറേറ്ററും വാർഷിക അറ്റകുറ്റപ്പണികൾക്കായി നിറുത്തിയിട്ടിരിക്കുകയാണ്.

88 (997) ജലവൈദ്യുത പദ്ധതികൾ

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ഇ.എം. അഗസ്തി</u> :
<u>ശ്രീ. ജോർജ്ജ്. ജെ. മാത്യു</u> :
<u>ശ്രീ. വി. ബാലറാം</u> :
<u>ശ്രീ. പാലോട് രവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനയുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly